കേരള സർക്കാർ

തൊഴിലും നൈപുണ്യവും വകുപ്പ്

# ലേബർ കമ്മീഷണറുടെ കാര്യാലയം

തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം-695 033

Website: www.lc.kerala.gov.in, Email: labourpublicity@gmail.com

---

**പ്രസ്സ് റിലീസ്** **29.06.2017**

**ലേബർ പബ്ലിസിറ്റി ഓഫീസ്**
**ഫോൺ നമ്പർ : 0471 2783908**

---

# ഫിഷ് പീലിംഗ്, മൈനർ പോർട്ട് തൊഴിലാളികളുടെ മിനിമം വേതനം: തെളിവെടുപ്പ് ജൂലൈയിൽ

ഫിഷ് പീലിംഗ്, മൈനർ പോർട്ട് തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച് തെളിവെടുപ്പ് നടത്താൻ തീരുമാനമായി. മിനിമം വേതനം ഉപദേശക സമിതിയുടെ ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്, ഫിഷ് ഫ്രീസിംഗ്, എക്സ്പോർട്ടിംഗ് ഓഫ് സീ ഫുഡ്സ് ഉപസമിതി യോഗത്തിലാണ് തീരുമാനം. ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കൊല്ലം എന്നീ നാല് മേഖലകളിൽ ഉപസമിതി തെളിവെടുപ്പു നടത്തും.

ആലപ്പുഴയിൽ ജൂലൈ 24-ന് രാവിലെ 10.30 മുതലും കൊല്ലത്ത് ജൂലൈ 31-ന് രാവിലെ 10.30 മുതലും ഗസ്റ്റ് ഹൗസിൽ വച്ച് തെളിവെടുപ്പ് നടത്തും.

ഉപ സമിതി ചെയർമാൻ ആനത്തലവട്ടം ആനന്ദൻ അധ്യക്ഷത വഹിച്ച യോഗത്തിൽ അംഗങ്ങളായ എ.ഷംസുദ്ദീൻ, കെ.പി.രാജേന്ദ്രൻ, തോമസ് ജോസഫ്, കെ.ജെ.ദേവസ്യ, വി.നൗഷാദ്, എം.എ.അബ്ദുറഹിമാൻ, ജോസ് കാവനാട്, ഷൗക്കത്ത് അലി, ചെറിയാൻ എം. ജോർജ്, കെ.വിനോദ് കുമാർ എന്നിവർ പങ്കെടുത്തു.

ലേബർ പബ്ലിസിറ്റി ഓഫീസർ

9846063499